പതിമൂന്നാം കേരള നിയമ സഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2817 02-04-2013 -ലെ മറുപടിക്ക്

## വരൾച്ചാദുരിത നിവാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനം മുഴുവൻ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചത് എന്നാണ് ; | എ) | 31.12.2012 - ലെ G.O(P)No.497/12/DMD പ്രകാരമാണ് സംസ്ഥാനത്തെ എല്ലാ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചത്. |
| ബി) | വരൾച്ചയെ ഫലപ്രദമായി നേരിടുന്നതിനും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ബി) | 2012 ഒക്ടോബറിൽ കേന്ദ്ര സംഘം വരൾച്ചാ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും നാല് ജില്ലകൾക്കായി 1995 കോടി രൂപയുടെ അധിക സാമ്പത്തിക സഹായത്തിന് സംസ്ഥാനം മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. ഓരോ ജില്ലയിലേയും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ഈ യോഗങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തിവരുകയും ചെയ്യുന്നു. 2013 ജനുവരി 23 ന് വരൾച്ച നേരിടുന്നതിന് വേണ്ടി പ്രത്യേക ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തു. അതനുസരിച്ച് എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചു. കുടിവെള്ള / വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി.ആർ.എഫ്-ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 7888.0965 കോടി രൂപയുടെ അധിക സഹായത്തിനായി 23.02.2013-ൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ 3936.81 കോടി രൂപയുടെ പ്രത്യേക പാക്കേജ് അനുവദിക്കാൻ |

| | | | |
|---|---|---|---|
| | | | പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം 17.03.2013 മുതൽ 21.03.2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് വരൾച്ചാ കെടുതികൾ വിലയിരുത്തുകയുണ്ടായി. |
| സി) | 2012 ഡിസംബർ 28–ാം തീയതി നടന്ന വകുപ്പുതലവന്മാരുടെ വരൾച്ചാ ദുരന്ത ലഘൂകരണ യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ജില്ലാ കളക്ടർമാർക്ക് നല്കിയിട്ടുള്ളത് ; | സി) | 2012 ഡിസംബർ 28–ാം തീയതി നടന്ന വകപ്പുതലവന്മാരുടെ യോഗത്തിലെ നിർദ്ദേശങ്ങളുടെ കൂടെ അടിസ്ഥാനത്തിലാണ് സർക്കാർ 28/12/2012 ലെ 77507/K3/12/DMD നം. സർക്കുലർ പുറപ്പെടുവിച്ചത്. (സർക്കുലർ അനുബന്ധമായി ചേർക്കുന്നു.) |
| ഡി) | പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ള ആശ്വാസ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ? | ഡി) | പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br><br>വറ്റിവരണ്ട കുളങ്ങളും കിണറുകളും ചെളി നീക്കി വൃത്തിയാക്കി വരുന്നു. കൂടാതെ മലിനജലം ഒഴുകുന്ന ഓടകളും ശുദ്ധജല സ്രോതസ്സുകളും തമ്മിൽ ബന്ധപ്പെടാതെ സൂക്ഷിക്കുക, ശുദ്ധജലത്തിൽ ഉപ്പുവെള്ളം കലരുന്നത് തടയാൻ മണൽ ഉപയോഗിച്ച് താത്കാലിക തടയണകൾ നിർമ്മിക്കുക, കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളം എത്തിക്കുക, കേടായ കുഴൽ കിണറുകളും കൈപമ്പുകളും നന്നാക്കി ഉപയോഗ യോഗ്യമാക്കുക എന്നീ പ്രവൃത്തികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ഡി.എം.(റവന്യൂ-കെ) ഡിപ്പാർട്ട്മെന്റ്**

**സർക്കുലർ**

**നമ്പർ 77507/കെ3/2012/ഡി.എം.ഡി** **തീയതി, തിരുവനന്തപുരം, 28/12/2012**

വിഷയം:- 2012 - 13 വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതു സംബന്ധിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (എസ്.ഡി.ആർ.എഫ്) നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. സർക്കുലർ നം. 11941/കെ3/2012/ഡി.എം.ഡി തീയതി 02.03.2012 & 13.04.2012

2. സർക്കുലർ നം. 51017/കെ3/2012/ഡി.എം.ഡി തീയതി 27.09.2012

*******

കേരളത്തിലെ 14 ജില്ലകളും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചു കൊണ്ടുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1). ജില്ലാതലങ്ങളിൽ ചുമതല നിശ്ചയിച്ചിട്ടുള്ള മന്ത്രിമാർ വിളിച്ച് ചേർക്കുന്ന യോഗങ്ങൾക്ക് പുറമെ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ളതും വരൾച്ചാ ബാധിതമായിട്ടുള്ളതുമായ പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായിട്ടുള്ള നടപടികൾ കൈക്കൊള്ളുന്നതിനുമായി പഞ്ചായത്ത്/ബ്ളോക്ക്/ജില്ലാതല തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ ജില്ലയിലെ എം.എൽ.എമാർ, എം.പിമാർ, മുൻസിപ്പൽ ചെയർമാൻമാർ, ജനപ്രതിനിധികൾ ജില്ലയിലെ വാട്ടർ അതോറിറ്റി, ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, പി.ഡബ്ള്യൂ.ഡി, ഇലക്ട്രിസിറ്റി ബോർഡ്, റവന്യൂ എന്നിവകളുടെ ജില്ലാതല ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ ജില്ലാ തല വരൾച്ചാ ദുരിതാശ്വാസ കമ്മിറ്റി വിളിച്ചു കൂട്ടേണ്ടതാണ്. താലൂക്കുകളിൽ ഓരോ ഡെപ്യൂട്ടി കളക്ടർമാരെ ഇതിന്റെ ചുമതല ഏൽപ്പിക്കണം. ഇവർ നിയോജക മണ്ഡലങ്ങൾ, പഞ്ചായത്ത്/മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ ചേരുന്ന യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കണം.

2). താരതമ്യേന ചെറിയ തുക ചെലവുവരുന്ന പദ്ധതികളായ ഉപയോഗയോഗ്യമല്ലാതായി തീർന്നിട്ടുള്ള കുഴൽ കിണറുകൾ, പൊതു കിണറുകൾ, കുളങ്ങൾ എന്നിവ നന്നാക്കുക, വരണ്ട ടാങ്കുകളിലേയും പൊതുകുളങ്ങളിലേയും ചെളി മാറ്റി ഉപയോഗയോഗ്യമാക്കുക തുടങ്ങിയ പദ്ധതികൾ മാത്രമേ നടപ്പിലാക്കാവൂ. ഓരോ ജില്ലകളിലും ഇത്തരത്തിൽ ചെയ്യേണ്ടുന്ന പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. നിലവിലുള്ള പൈപ്പ് ലൈനുകളിൽ നിന്നും ചെറിയ മോട്ടറുകൾ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ ഹോട്ടലുകൾ, ആശുപത്രികൾ, ലോഡ്ജുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഷോപ്പിംങ് കോംപ്ളക്സുകൾ, വീടുകൾ തുടങ്ങിയ പല ഇടങ്ങളിലും അനധികൃതമായി വെള്ളം ഊറ്റിയെടുക്കുന്നതായും ദുരുപയോഗം ചെയ്യുന്നതായും കണ്ടുവരുന്നു. ഈ കാര്യത്തിൽ ആവശ്യമായ മിന്നൽ പരിശോധനകൾ നടത്തി

കാരണക്കാരായവർക്കെതിരെ ക്രിമിനൽ നടപടികൾ ചട്ടപ്രകാരം സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർ കീഴ്ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. പത്രമാദ്ധ്യമങ്ങളിലൂടെ ഇക്കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

3). വില്ലേജടിസ്ഥാനത്തിൽ വർഷപാതത്തിന്റെ തോത്, കിണറുകളിലെ ജലലഭ്യത, അന്തരീക്ഷ താപനില എന്നിവ സംബന്ധിച്ച് ദിവസവും അവലോകനം നടത്തി ആവശ്യമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4). ടാങ്കർ ലോറികളിലും, നാടൻ വള്ളങ്ങളിലും കുടിവെള്ളം വിതരണം നടത്തുന്നത് കുടിവെള്ളക്ഷാമം അത്യന്തം രൂക്ഷമായിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ പാടുള്ളൂ. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുവെന്നും അവിടെ കുടിവെള്ളവിതരണം ചെയ്യണമെന്നും പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥൻമാർ നേരിൽ പരിശോധിച്ച് ആവശ്യകത ഉറപ്പുവരുത്തി ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകണം. കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടാങ്കർ ലോറികളിൽ ജല വിതരണം ചെയ്യാൻ പാടുള്ളൂ. ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ ട്രിപ്പ് ഷീറ്റുകൾ പഞ്ചായത്ത് അധികാരികളോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും വില്ലേജ് ഓഫീസറും ബന്ധപ്പെട്ട വാർഡ് മെമ്പറും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റും സംയുക്തമായി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം കുടിവെള്ളം വിതരണം ചെയ്തതിനെ സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ സർക്കാരിലേയ്ക്ക് നിശ്ചിത പെർഫോമയിൽ സമർപ്പിക്കേണ്ടതാണ്.

5). വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ 5 ലക്ഷം രൂപ വരെ അടങ്കൽ തുകയ്ക്കുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ നടത്തുന്നതിനുള്ള ഭരണാനുമതി 31-05-2013 വരെ ജില്ലാ കളക്ടർമാർക്കു തന്നെ നൽകാവുന്നതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ മൊത്തം തുക വരൾച്ചാ ദുരിതാശ്വാസ പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ അധികരിക്കാൻ പാടില്ലാത്തതാണ്. ഭരണാനുമതി നൽകുന്നതിനു മുമ്പ് പ്രസ്തുത പദ്ധതി വരൾച്ചമൂലം ഉണ്ടായ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതിന് ഉപകാരപ്രദമാണോ എന്നതു സംബന്ധിച്ച് പഠനം നടത്തേണ്ടതും ആയതു ഭരണാനുമതി ഉത്തരവിൽ ചേർക്കേണ്ടതുമാണ്. ജലസേചന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുടെ തനത് പദ്ധതികൾ ഏറ്റെടുത്തു നടത്തേണ്ടതില്ല.

6). കേരള വാട്ടർ സപ്ളൈ & സിവെറേജ് (അമെന്റ്മെന്റ്) ആക്ട് 2008-ലെ 38 എ(2), 46(ബി), 46(സി), 52(എ) 61(എ) എന്നീ സെക്ഷനുകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരളാ വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കേണ്ടതാണ്.

7). കൺട്രോൾ റൂമുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമാക്കേണ്ടതും ദൈനംദിന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

8). വരൾച്ചാ പ്രദേശങ്ങളിൽ അനുവദനീയ പരിധിക്കുള്ളിലുള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷനുകൾ നൽകുന്നതിനും കുഴൽ കിണർ കുഴിക്കുന്നതിനുമുള്ള ഭരണാനുമതി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുള്ളത് തുടരാവുന്നതാണ്.

9). സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നത് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായ പദ്ധതികൾ ജില്ലാ കളക്ടർമാർ തന്നെ അനുവദിക്കേണ്ടതാണ്.

10). സർക്കാരിന്റെ അനുമതി ആവശ്യമായ പദ്ധതികൾ (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് മാർഗ നിർദ്ദേശങ്ങളിൽപ്പെടാത്തവ) അതാത് നിർവ്വഹണ വകുപ്പുകൾ വഴി മാത്രം സർക്കാരിലേക്ക് (ബന്ധപ്പെട്ട ഭരണവകുപ്പിന്) അനുമതിക്കായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള പദ്ധതികൾ റവന്യൂ വകുപ്പിന് സമർപ്പിക്കേണ്ടതില്ല.

11). സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നുള്ള തുക ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള പ്രധാനപ്പെട്ട പദ്ധതികൾ ഉണ്ടെങ്കിൽ അതാത് ജനപ്രതിനിധികൾ (എം.എൽ.എ/എം.പി) വഴി റവന്യൂ വകുപ്പിലേക്ക് നൽകേണ്ടതാണ്.

12). അതോടൊപ്പം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് വിവിധ പരിശോധനകളിൽ കണ്ടെത്തിയ വ്യാപകമായ ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുന്നതിൽ സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതും പദ്ധതി നിർവ്വഹണം കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

ജില്ലകളിൽ വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനു സഹായകമായ കൂടുതൽ മാർഗ നിർദ്ദേശങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്നു. അതാത് ജില്ലകൾക്ക് അനുയോജ്യമായ രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കാര്യം ജില്ലാ കളക്ടർമാർ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്.

**ജി. കമലവർധന റാവു**
**സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, കൃഷി വകുപ്പ്
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, ആരോഗ്യ വകുപ്പ്
ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ
ഡയറക്ടർ, അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, ഡയറി ഡിപ്പാർട്ട്മെന്റ്
ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്
മാനേജിംഗ് ഡയറക്ടർ, വാട്ടർ അതോറിറ്റി ഡിപ്പാർട്ട്മെന്റ്
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- (മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## Annexure

1. Priority should be for drinking water to public, drinking water to domestic animals and agriculture
2. Stress should be on Reduce, Reuse and Recycle water
3. Identify the villages and panchayaths that are under drought stress
4. All departments should prepare a drought risk reduction plan before January 15th and the same shall be submitted to the District Collectors for monitoring the implementation. The progress made in each project by the respective department shall be included in the weekly reports of the District Collectors that are forwarded to the HVRA Cell.
5. Enumerate fresh water yielding ponds, wells and natural tanks (chirakal) with the help of Kudumbashree Neighbourhood Groups.
6. Ponds, wells and tanks that are currently dry shall be de - silted, but those with some amount of fresh water should not be de - silted. The implementation of ponds restoration programme (RRR Programme) initiated shall be based on this and Collectors shall ensure this.
7. Ensure that community owned ponds, wells and fresh water lakes are kept clean and no sewerage systems or drainages should be allowed to drain into such water bodies and rivers. Kudumbashree Neighbourhood Groups may be used for ensuring the protection.
8. Public should be made aware and motivated to avoid directly using perennial and natural water sources such as ponds, fresh water lakes, community wells and open wells for swimming, bathing, bathing animals etc.
9. Kudumbashree CDSs may be asked to conduct the first level quality check of the fresh water in ponds, wells and lakes. Jalanidhi may train and equip the CDSs to do this.
10. Ponds, wells and lakes that do not pass the first level quality check should be checked by the district KWA water quality laboratories and necessary purification works should be taken up by KWA.
11. KWA shall attempt to operationalize the mobile Resverse Osmosis Plants not later than by January 31st.
12. KWA should ensure that the 29 coastal Reverse Osmosis Plants are functional within 2.5 months.
13. Prevention of salinity ingress and capture of summer showers in the rivers should be taken up as propriety. Temporary check dams using sand bags may be constructed for the purpose at places identified as necessary by the Irrigation Department in consultation with Water Authority.
14. Local Self Governments may open water kiosks with simple water storage structures (Plastic Tanks) in places deemed necessary for drinking water

rationing. KWA should supply water and the concerned panchayaths should regulate the rationing.

15. District Officers of Ground Water Department should enumerate all hand pumps and bore wells. They shall list out those that can be repaired and those that are beyond repair. At least 100 hand pumps and bore wells in every district shall be repaired and made useful by methods deemed appropriate by the GWD by February 10th.
16. Ensure that Ground Water Department receives necessary funding from the SDRF as per the provisions of the SDRF guidelines.
17. Ground water extracting industries may be urged to reduce the extraction by at least 50% and Collectors may look into the necessity in consultation with Ground Water Department.
18. Canal Irrigation should be restricted where ever necessary and the decision to release water from reservoirs for irrigation should be done in concurrence with the agriculture department, ground water department and water authority. Ground Water Department should identify a local ground water level threshold below which irrigation should release water through canals. If water level is above the threshold, Irrigation Department should give priority to conserve available water for drinking purpose.
19. Animal Husbandry and Dairy Development Department should identify areas with stress for water availability for animals and water for cleaning bulk coolers of primary diary co-operatives. Concerned departments should in consultation with KWA ensure that water is available for animals, if necessary at a common pool identified for the purpose.
20. Fresh potable water shall not be used for washing motor vehicles, especially water supplied through public water supply system.
21. Public may be urged to recycle water, for example water used in kitchen may be used for watering garden plants.
22. The Director of Public Instruction (DPI) should direct schools to hold special school assemblies to sensitize students on the drought situation and reducing, reusing and recycling water.
23. ILDM should draft a set of do's and don'ts in simple Malayalam for public awareness generation and circulation via neighbourhood groups and in schools.
24. KSDMA should with the help of mass media, undertake drought risk reduction campaigns across the state.
25. Ministers in charge of the respective districts may be requested to hold a detailed press meeting after the district level drought mitigation meeting so that the message reaches the masses.
26. Long term drought mitigation measures should be considered by the respective departments when they prepare their annual plans.